# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2715 19.02.2016 ൽ മറുപടിയ്ക്ക്

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സാജു പോൾ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പുരോഗതി ക്രമമായി വിലയിരുത്തുന്നുണ്ട്. വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഒന്നാംഘട്ടം 14 ജില്ലകളിലും പൂർത്തിയായിക്കഴിഞ്ഞു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ഒന്നാംഘട്ടത്തിൽ തന്നെ ഭൂമി നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ 36,491 ഗുണഭോക്താക്കൾക്ക് പട്ടയം അനുവദിച്ചിരുന്നു. രണ്ടാംഘട്ടമായി ഇടുക്കി ജില്ലയിലും പത്തനംതിട്ട ജില്ലയിലും പട്ടയം നൽകിയിട്ടുണ്ട്. ഇപ്രകാരം ആകെ 43,437 പട്ടയങ്ങൾ നാളിതുവരെ നൽകിക്കഴിഞ്ഞു. മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. അതിനുള്ള പ്രവർത്തനം നടന്നു വരികയാണ്. അതോടൊപ്പം ഇടുക്കി, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുമുണ്ട്. |
| (ബി) | പദ്ധതി പ്രകാരം എത്ര പേർക്ക് ഭൂമി നൽകുമെന്ന് ജില്ല തിരിച്ച് അറിയിക്കുമോ; | വീട് വയ്ക്കാൻ അനുയോജ്യമായതും പതിച്ച് നൽകാൻ കഴിയുന്നതുമായ ഭൂമി ലഭിക്കുന്നതനുസരിച്ച് വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളും തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണവും വിതരണം ചെയ്ത പട്ടയങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | അപേക്ഷകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | ഒന്നാം ഘട്ടത്തിൽ അനുവദിച്ച പട്ടയങ്ങൾ | രണ്ടാം ഘട്ടത്തിൽ അനുവദിച്ച പട്ടയങ്ങൾ |
|---|---|---|---|---|
| തിരുവനന്തപുരം | 47,340 | 35,851 | 3,181 | |
| കൊല്ലം | 29,850 | 28,591 | 683 | |
| പത്തനംതിട്ട | 7,532 | 6,807 | 506 | 377 |
| ആലപ്പുഴ | 17,142 | 14,163 | 256 | |
| കോട്ടയം | 10,742 | 10,388 | 1,309 | |
| ഇടുക്കി | 10,496 | 7,970 | 1,992 | 6,569 |
| എറണാകുളം | 43,248 | 31,379 | 1,449 | |
| തൃശ്ശൂർ | 30,836 | 26,776 | 510 | |
| പാലക്കാട് | 28,524 | 23,874 | 2,114 | |
| മലപ്പുറം | 25,998 | 23,962 | 843 | |
| കോഴിക്കോട് | 9,070 | 8,304 | 1,550 | |
| വയനാട് | 6,611 | 4,546 | 727 | |
| കണ്ണൂർ | 12,184 | 11,099 | 11,100 | |
| കാസർഗോഡ് | 12,184 | 10,218 | 10,271 | |
| ആകെ | **2,91,757** | **2,43,928** | **36,491** | **6,946** |
| **ആകെ അനുവദിച്ച പട്ടയങ്ങൾ** | | | **43,437** | |

**സെക്ഷൻ ഓഫീസർ**